എൽ.പി

കൂട

കളികൾ



പ്രവർത്തനം 5

# വാക്കിൽ നിന്നൊരു വാക്ക്

ഒരു പേപ്പറും പേനയും എടുത്തോളൂ. കളിക്കാൻ ഉപകരണമായി അത് മാത്രം മതി. പിന്നെ നിങ്ങളുടെ കൂടെ കളിക്കാൻ വീട്ടിൽ നിന്ന് ആരെയെങ്കിലും ഒരാളെ കൂടി കൂട്ടണം. രണ്ടു പേർ റെഡിയായാൽ കളി തുടങ്ങാം.

**പേപ്പറിന്റെ മുകളിൽ ആയി ഒരു വാക്ക് എഴുതുക.** ഇനി നിങ്ങളുടെ ചങ്ങാതിയോട് നിങ്ങൾ എഴുതിയ വാക്കിലെ ഏതെങ്കിലും ഒരക്ഷരത്തിൽ നിന്ന് തുടങ്ങുന്നതോ ആ അക്ഷരത്തിൽ അവസാനിക്കുന്നതോ ആ അക്ഷരം ഇടക്ക് വരുന്നതോ ആയ ഒരു വാക്ക് കുത്തനെ എഴുതാൻ

ഈ പ്രവർത്തനത്തിന്റെ
വീഡിയോ വിശദീകരണം കാണാം




അറിയാം
നിറയാം
ഉയരാം

യുറീക്ക-ശാസ്ത്രകേരളം
വിജ്ഞാനോത്സവം



# എൽ.പി
## കൂട
## കളികൾ



# പ്രവർത്തനം 5

| | | | |
|---|---|---|---|
| | | പ | |
| | | റ | |
| അ | റി | യു | ക |
| | | ക | |

പറയുക. ദാ ഇങ്ങനെ:

രണ്ടു പേർക്കും ഓരോ പോയിന്റ്. ഇനി പറയുക എന്ന രണ്ടാമത് എഴുതിയ വാക്ക് കുത്തനെ തന്നെ തൊട്ടപ്പുറത്തേക്ക് മാറ്റി എഴുതുക. എന്നിട്ട് 'യു' എന്നതിന് ചുറ്റും ഒരു വട്ടമിടുക. എന്തിനാണെന്നോ? ആ അക്ഷരം ഉപയോഗിച്ച് ഇനി വാക്കുണ്ടാക്കരുത്. 'യു' മാത്രമല്ല 'യ' ഉപയോഗിച്ചുള്ള അതായത് 'യാ', 'യി', 'യെ' എന്നിങ്ങനെ ഒന്നും ഉപയോഗിക്കരുത്. ഇനി നിങ്ങൾ ആ വാ





അറിയാം
നിറയാം
ഉയരാം



യുറീക്ക-ശാസ്ത്രകേരളം
വിജ്ഞാനോത്സവം



# പ്രവർത്തനം 5

ക്കിലുള്ള മറ്റേതെങ്കിലും അക്ഷരം ഉപയോഗിച്ച് ഒരു വാക്ക് നേരേ എഴുതുക. ഇപ്പോൾ നമ്മൾ വാക്ക് നേരേയാണ് എഴുതിയത് എന്നതിനാൽ മാറ്റി എഴുതുന്നതും നേരേ ആയിരിക്കണം. മാറ്റി എഴുതുമ്പോൾ ഇപ്പോൾ പൊതുവായി വന്ന അക്ഷരവും വട്ടമിടണം. ഇനി അടുത്ത വാക്ക് എഴുതുമ്പോൾ നമ്മൾ വട്ടമിട്ട രണ്ടക്ഷരങ്ങളും ഉപയോഗിക്കരുത്.

ഒരാൾ കുത്തനെ ഒരു വാക്ക് എഴുതിയപ്പോൾ മറ്റേ ആൾക്ക് വാക്ക് കിട്ടിയില്ല എന്നിരിക്കട്ടെ. കുത്തനെ വാക്ക് എഴുതിയ ആൾക്കുതന്നെ നേരേ വേറൊരു വാക്ക് എഴുതാം. അപ്പോൾ വാക്ക് എഴുതിയ ആൾക്ക് അടുപ്പിച്ച് രണ്ട് പോയിൻറ് കിട്ടും. മറ്റേ ആൾക്ക് പോയിൻറ് ഒന്നും കിട്ടുകയും ഇല്ല. ഇങ്ങനെ കളി തുടരാം. ഇരുപത് വാക്കായാൽ കളി നിർത്താം. എന്നാ കളിക്കാൻ ആരെയെങ്കിലും വിളിച്ചോളൂ. ഉപയോഗിച്ച വാക്കുകൾ എല്ലാം ചേർത്ത് കളിയുടെ ഒരു റിപ്പോർട്ട് തയ്യാറാക്കണേ.



